പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4824.

18.12.2014 ൽ മറുപടിക്ക്

പാചകവാതക ഗ്യാസ് ഫില്ലിങ്ങും വിതരണവും അവശ്യ സർവ്വീസ് ആക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്:<br>,, ബെന്നി ബെഹനാൻ:<br>,, വർക്കല കഹാർ :<br>,, വി.ഡി.സതീശൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക ഗ്യാസ് ടാങ്കർ തൊഴിലാളികളുടെയും, ഗ്യാസ് ഫില്ലിങ്ങ് തൊഴിലാളികളുടെയും സമരം കാരണം പാചകവാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പാചകവാതക സിലിണ്ടർ വിതരണം തടസ്സപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി ഗ്യാസ് ഫില്ലിങ്ങ്, ഗ്യാസ് വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) പാചക വാതക വിതരണം അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്യാസ് ഫില്ലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങളെ അവശ്യ സർവ്വീസായി പ്രഖ്യാപിക്കുന്ന കാര്യം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്. |
| (സി) പാചകവാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫാറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫാറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ